**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 1623** **01.11.2019 ൽ മറുപടിയ്ക്ക്**

## റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ. അനൂപ് ജേക്കബ്** | **ശ്രീ. എ.സി.മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) റിയൽ എസ്റ്റേറ്റ് രംഗത്തെ തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിനുള്ള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി സംസ്ഥാനത്ത് രൂപീകൃതമായിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകൃതമായത്; അതിലെ അംഗങ്ങൾ ആരൊക്കെയാണ്; | എ) 05.10.2019-ലെ സ.ഉ.(പി) നം.65/2019/ തസ്വഭവ (എസ്.ആർ.ഒ.നം.724/2019 തീയതി, 09.10.2019) പ്രകാരം സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകൃതമായിട്ടുണ്ട്. ശ്രീ.പി.എച്ച്.കുര്യനെ ചെയർപേഴ്സണായും ശ്രീമതി. പ്രീത പി മേനോൻ, ശ്രീ. മാത്യു ഫ്രാൻസിസ്.സി എന്നിവരെ മെമ്പർമാരായും നിയമിച്ചുകൊണ്ട് 05.10.2019 – ലെ സ.ഉ.(പി) നം.66/2019/ തസ്വഭവ (എസ്.ആർ.ഒ. നം.726/2019 തീയതി, 09.10.2019) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണുവാൻ കേന്ദ്ര സർക്കാർ 2016 – ലെ ദ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) ആക്ട് പാസ്സാക്കിയെങ്കിലും സംസ്ഥാ നത്ത് പ്രസ്തുത നിയമം നടപ്പി ലാക്കുന്നതിന് ഇത്രയും കാല താമസം ഉണ്ടായതിന്റെ കാരണ മെന്താണ്; | ബി) 2016 – ലെ കേന്ദ്ര നിയമമായ ദി റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) ആക്ട് (Central Act 16 of 2016) അനുശാസിക്കുന്ന എല്ലാ മാനദണ്ഡ ങ്ങളും പാലിച്ചാണ് അനുയോജ്യരായ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടിയി രുന്നത്. ഇത്തരത്തിൽ തെരഞ്ഞെടുപ്പ് നടത്തി അനുയോജ്യരായ അംഗങ്ങളെ കണ്ടെത്തുന്നതിനും വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുള്ള ഭരണപര മായ കാലതാമസം മാത്രമാണ് ഇക്കാര്യ ത്തിൽ ഉണ്ടായിട്ടുള്ളത്. |
| സി) റിയൽ എസ്റ്റേറ്റ് അതോറിറ്റി ചെയർമാനെയും അംഗങ്ങ ളെയും തെരഞ്ഞെടുക്കുന്നതി നുള്ള സമിതിയിൽ ആരൊക്കെ യാണ് അംഗങ്ങളായിരുന്നതെന്ന് വ്യക്തമാക്കാമോ? | സി) പ്രസ്തുത സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരുന്നു.<br>1 ജസ്റ്റിസ്.ശ്രീ.പി.ആർ രാമചന്ദ്ര മേനോൻ (ചീഫ് ജസ്റ്റിസിന്റെ നോമിനി) - ചെയർമാൻ<br>2 ഹൗസിംഗ് സെക്രട്ടറി - മെമ്പർ<br>3 സെക്രട്ടറി, നിയമ വകുപ്പ് - മെമ്പർ |

സെക്ഷൻ ഓഫീസർ